സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 679/12/Est-1** (പ്ര) നന്തൻകോട്, 31/08/2016

---

പരാമർശം :- ദേവസ്വം കമ്മീഷണറുടെ 02-05-2016 ലെ ROC 75/09/Est(A) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

01-07-2004 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്ക്കാര ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിലെ 1/3 പോസ്റ്റുകൾക്ക് ഹയർഗ്രേഡ് അനുവദിച്ചു. ടി പ്രകാരം 25 പേർക്ക് ഹയർഗ്രേഡ് ലഭിക്കാൻ അർഹതയുള്ളതാണെങ്കിലും 24 പേർക്ക് മാത്രമേ ഹയർഗ്രേഡ് അനുവദിച്ചിരുന്നുള്ളൂ.

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ ഹയർ ഗ്രേഡ് ലഭിച്ച ശ്രീ. ബി. സന്തോഷ്കുമാർ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയി പ്രൊമോഷൻ ലഭിച്ച് 19-02-2016 -ൽ ദേവസ്വം അക്കൗണ്ട്സ് ആഫീസർആയി ചാർജ്ജ് എടുത്തിട്ടുള്ളതിനാൽ തിരുവല്ല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശ്രീ. എം.ജി. സുകുമാരന് 20-02-2016 മുതൽ ഹയർ ഗ്രേഡ് നൽകാവുന്നതാണെന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിൽ 75 തസ്തികയുള്ളതിനാൽ 1/3 എന്ന നിലയിൽ 25 -ാമത്തെ ആളായ ശ്രീ. കെ. സുരേഷിന് (ശ്രീകണ്ഠേശ്വരം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ) ഹയർഗ്രേഡ് അനുവദിക്കാവുന്നതാണെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശ റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം വിശദമായി ചർച്ച ചെയ്തു. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിലുള്ള ചുവടെ വിവരിക്കുന്ന ഉദ്യോഗസ്ഥർക്ക് 42500 - 87000 ശമ്പള സ്കെയിലിൽ അവരുടെ പേരുകൾക്ക് നേരെ ചേർത്തിട്ടുള്ള തീയതികളിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| നമ്പർ | പേര്/തസ്തിക | തീയതി |
|---|---|---|
| 1 | ശ്രീ. എം. ജി. സുകുമാരൻ,<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,<br>തിരുവല്ല ഗ്രൂപ്പ്. | 20-02-2016 |
| 2 | ശ്രീ. കെ. സുരേഷ്,<br>അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,<br>ശ്രീകണ്ഠേശ്വരം ദേവസ്വം,<br>തിരുവനന്തപുരം ഗ്രൂപ്പ്. | 23-08-2016 |

ടി ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ശമ്പള നിർണ്ണയം സംബന്ധിച്ച ഓപ്ഷനുകൾ ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ-നടപടിയ്ക്കായി
3. The incumbents
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവല്ല ഗ്രൂപ്പ്
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം ഗ്രൂപ്പ്
6. EDP Section
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

SK

31.8.16

31/8/16